# കേരളസർവകലാശാല

നം.പി.ആർ.195/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### 42 പുതുതലമുറ പ്രോഗ്രാമുകളുമായി കേരള സർവകലാശാല

2020–21 അധ്യയന വർഷം 42 പുതുതലമുറ പ്രോഗ്രാമുകൾക്കുള്ള അറിയിപ്പ് കേരള സർവ്വകലാശാല പുറപ്പെടുവിച്ചു. 17 അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാമുകളും 16 പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമുകളും അടക്കം 33 പ്രോഗ്രാമുകൾ കോളേജുകളിലും 9 പ്രോഗ്രാമുകൾ സർവകലാശാല വകുപ്പുകളിലും ഈ വർഷം തന്നെ തുടങ്ങാനാണ് സർവകലാശാല ലക്ഷ്യമിട്ടിരിക്കുന്നത്. സ്പേസ് ഫിസിക്സ്, ഡ്രഗ് ഡിസൈൻ, നാനോ സയൻസ്, ഡേറ്റാ അനലിറ്റിക്സ്, കാലാവസ്ഥ വ്യതിയാനവും, ഡിസാസ്റ്റർ മാനേജ്മെന്റും, എത്നോ ബോട്ടണി, ബിഹേവിയറൽ എക്കണോമിക്സ്, ഇന്റർനാഷണൽ റിലേഷൻസ്, ഇന്റർനാഷണൽ ട്രേഡ്, റൂറൽ മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ പി.ജിയും മാത്തമാറ്റിക്സും കമ്പ്യൂട്ടർ സയൻസും ബോട്ടണിയും ആയുർവേദിക് ഫാർമസിയും, മലയാളം ഇംഗ്ലീഷ് സാഹിത്യങ്ങൾ, രാഷ്ട്രമീമാംസയും സ്ത്രീ പഠനവും, എക്കണോമിക്സും മാത്തമാറ്റിക്സും ബ്ലൂ എക്കണോമിയും മാരിടൈം ലോ തുടങ്ങിയ ഡബിൾ മെയിൻ യു.ജി പ്രോഗ്രാമുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . കൂടാതെ സർവകലാശാല പഠന വകുപ്പുകളിൽ കേരള പഠനം, ഹെറിറ്റേജ് സ്റ്റഡീസ്, എഡ്യൂക്കേഷണൽ ടെക്നോളജി, അപ്ലൈഡ് അക്വാകൾച്ചർ, റിന്യൂവബിൾ എനർജി, ആർട്ടിഫിഷ്യൽ എൻജിനീയറിംഗ്, റേഡിയോ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി തുടങ്ങിയവയിൽ പിജി പ്രോഗ്രാമുകളും തുടങ്ങും.പുതിയ പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 9, 2020 ആണ്. ഒക്ടോബർ 15ന് ചേരുന്ന അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയങ്ങളുടെ സിലബസ് പരിഗണിക്കും.

### ലൈഫ് സർട്ടിഫിക്കറ്റ്

കേരള സർവകലാശാലയിലെ പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2020 ഒക്ടോബർ 15 വരെ നീട്ടിയിരിക്കുന്നു.

## പരീക്ഷാ ഫലം

2020 ജൂൺ മാസത്തിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് / ബി.സി.എ (എസ്.ഡി.ഇ, 2017 അഡ്മിഷൻ) പരീക്ഷാ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധന

2019 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ, എം.എസ്.സി എം.കോം പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഡെപ്യൂട്ടി രജിസ്ട്രാർ, പരീക്ഷാ വിഭാഗം (IV)എന്ന മേൽവിലാസത്തിൽ നിശ്ചിത ഫോറത്തിൽ നിശ്ചിത തുക ഒടുക്കി 2020 ഒക്ടോബർ 22 ന് മുൻപായി സർവകലാശാലയിൽ ലഭ്യമാക്കേണ്ടതാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
07.10.2020

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**